# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2710 19-12-2012 ൽ മറുപടിക്ക്

**കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. റ്റി. എൻ. പ്രതാപൻ**<br>**ശ്രീ. പാലോട് രവി** | | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസിന്റെ തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) | നിലവിൽ കമ്പ്യൂട്ടർവൽകൃത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിച്ചു വരുന്ന തൊഴിൽ സോഫ്റ്റ്വെയറിനു പകരം എവിടെ നിന്നും എപ്പോഴും ഡാറ്റാ അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാക്കുന്നതുമായ എൻ. ഐ. സി. യുടെ തന്നെ വെബ്ബേസ്ഡ് സോഫ്റ്റ്വെയറായ കേസ്സ് ലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുന്നതിലൂടെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനം നൽകുവാൻ സാധിക്കും. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത് ; | (സി) | 1. ഓൺലൈൻ രജിസ്ട്രേഷൻ<br>2. ഓൺലൈൻ റിന്യൂവൽ<br>3. ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ<br>4. മൊബൈൽ നമ്പർ/ഫോൺ നമ്പർ/ഇ.മെയിൽ എന്നിവയുടെ വിവരങ്ങൾ തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കുക.<br>5. രജിസ്ട്രേഷൻ റിക്കാർഡ് ഓൺലൈനിൽ നേരിട്ട് കണ്ടുപരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനും എംപ്ലോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയും.<br>6. രജിസ് ട്രേഷൻ റിക്കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കുക.<br>7. രജിസ് ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കുക. |

8. നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയുക.
9. ഉദ്യോഗദായകർക്കു ഓൺലൈനിൽ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ സാധ്യമാക്കുക.
10. ഉദ്യോഗദായകർക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഓൺലൈനായി നൽകാൻ സാധ്യമാക്കുക.
11. അറിയിക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഏവർക്കും കാണുവാൻ തക്ക വണ്ണം ലഭ്യമാക്കുക.
12. ഇ. എം. ഐ., വി. ജി പ്രവർത്തനങ്ങൾക്ക് ഓൺലൈനായി റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും സാധ്യമാക്കുക.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

(ഡി) നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (എൻ. ഐ. സി) ഡൽഹി യൂണിറ്റ്, കേരള ഘടകം, കേരള സ്റ്റേറ്റ് ഐ. ടി മിഷൻ എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ